തോട്ടങ്ങളുടെ ഉടമസ്ഥ അവകാശം

154 (3902) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട തോട്ടങ്ങളുടെ ഉടസ്ഥാവകാശം അന്വേഷിക്കുന്നതിന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടുക്കി ജില്ലയിലെ പെരുവന്താനം വില്ലേജിലെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയുടെ ഭൂമി സർക്കാർ ഭൂമിയാണെന്ന കമ്മീഷന്റെ കണ്ടെത്തലിനെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാരിന് അവകാശപ്പെട്ട ഭൂമി നാളിതുവരെ കൈവശം വയ്ക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്തിട്ടുള്ള തോട്ടം ഉടമകൾക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇടുക്കി ജില്ലാ കളക്ടർക്ക് മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീരുമേട് താലൂക്കിലെ പെരുവന്താനം ട്രാവൻകൂർ റബ്ബർ ആന്റ് ടീ ലിമിറ്റഡ് കമ്പനിയുടെ കൈവശഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഇടുക്കി ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 31-3-2015-ലെ ശിപാർശ പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 1-7-2015-ലെ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർ പീരുമേട് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. 1-7-2015-ന് തന്നെ പീരുമേട് തഹസീൽദാർ പ്രാഥമിക റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഇക്കാര്യത്തിന്മേൽ വിശദമായ റിപ്പോർട്ടും ശിപാർശയും സമർപ്പിക്കുവാൻ ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരമുള്ള അന്വേഷണ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇത് സംബന്ധിച്ച് ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നിയമോപദേശം ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തോട്ടം ഉടമയുടെ കൈവശഭൂമിയിൽ കൂടിയുള്ള റോഡിൽ സ്ഥാപിച്ചിരുന്ന ഗേറ്റ് നീക്കം ചെയ്യണമെന്ന ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് 1-7-2015-ൽ ഇടുക്കി ജില്ലാ കളക്ടർ നടപ്പിലാക്കിയിരുന്നു. എന്നാൽ 26-6-2015-ൽ ബഹു. കേരള ഹൈക്കോടതി കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തിരുന്നത് ശ്രദ്ധയിൽപ്പെടാതെയാണ് ജില്ലാ കളക്ടർ ഗേറ്റ് നീക്കം ചെയ്തത്. ഗേറ്റ് നീക്കം ചെയ്യണമെന്ന കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്ത കോടതി, ഗേറ്റ് തുറന്ന് സൂക്ഷിക്കണമെന്നും ടോൾ പിരിക്കരുതെന്നും കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടി.എ.

155 (3903) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള ടി.എ. നാളിതുവരെ മാറി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 12-5-2014-ലെ നമ്പർ 22910/ടി2/14 കത്ത് പ്രകാരം, റവന്യൂ കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം കളക്ടേറ്റ്, ചിറയിൻകീഴ് താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽ നിലവിലുള്ള ഫയലുകളിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത ഫയലുകളിന്മേൽ കൈക്കൊണ്ട നടപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(എഫ്) 12-5-2014-ൽ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്ത ജീവനക്കാർ ആരെല്ലാമാണ് ; അവരുടെ പേരുവിവരവും പദവിയും വ്യക്തമാക്കുമോ ;

(ജി) ഫയൽ നടപടികൾ താമസിപ്പിച്ച ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു*. പ്രസ്തുത റിപ്പോർട്ടിനോടൊപ്പം യാത്രാബത്തയെ സംബന്ധിക്കുന്ന യാത്രാനുമതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ/Expost Facto Sanction-ന്റെ പകർപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly